(ഡി) കേന്ദ്ര വനം വകുപ്പിന്റെ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി പ്രധാനമന്ത്രി തന്നെ ഇടപെട്ടാണ് വനഭൂമി ലഭിച്ചത്. നിലവിലുള്ള നിയമം സൗജന്യമായി നൽകാൻ അനുവദിക്കുന്നില്ല.

ശബരിമല വികസനത്തിനായി വനഭൂമി കൈമാറ്റം

274 [1228] *ശ്രീ. ടി. എം. ജേക്കബ്:*

" *ജോണി നെല്ലൂർ:*

" *ഷിബു ബേബി ജോൺ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസനത്തിനായി എത്ര ഹെക്ടർ വനഭൂമി സർക്കാർ ദേവസ്വം ബോർഡിന് കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര ഹെക്ടർ സ്ഥലമാണ് ആകെ കൈമാറാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) എത്ര ഹെക്ടർ സ്ഥലം കൈമാറുവാനാണ് കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുള്ളത്;

(ഡി) ഈ വനഭൂമി കൈമാറുന്നതിനു പകരമായി ദേവസ്വം ബോർഡ് സർക്കാരിന് സ്ഥലം വാങ്ങി നൽകണമെന്ന് നിബന്ധനയുണ്ടോ; എങ്കിൽ ഇതിനായി വാങ്ങിയ ഭൂമി എത്രയെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ സ്ഥലത്ത് വനവൽക്കരണത്തിനായി ദേവസ്വം ബോർഡ് സർക്കാരിന് പണം നൽകണമെന്ന് വ്യവസ്ഥയുണ്ടോ?

ഉത്തരം

(എ), (ബി) & (സി) ശബരിമല വികസനത്തിനായി നിലയ്ക്കലിൽ 110.524 ഹെക്ടർ വനഭൂമിയും പമ്പ-സന്നിധാനം മേഖലയിലുള്ള പെരിയാർ ടൈഗർ റിസർവ്വ് ഏരിയായിൽ 12.675 ഹെക്ടർ വനഭൂമിയുമാണ് ദേവസ്വം ബോർഡിന് കൈമാറാൻ ഉദ്ദേശിക്കുന്നത്. അതിൽ നിലയ്ക്കലിലുള്ള 60.14 ഹെക്ടർ വനഭൂമിക്ക് അന്തിമ അംഗീകാരവും, ബാക്കിയുള്ള 50.384 ഹെക്ടർ സ്ഥലത്തിന് ആദ്യഘട്ട അനുമതിയും ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. പെരിയാർ ടൈഗർ റിസർവ്വ് ഏരിയായിൽപ്പെട്ട പമ്പ-സന്നിധാനം മേഖലയിലുള്ള 12.675 ഹെക്ടർ വനഭൂമി കൈമാറുന്നതിന് കേന്ദ്ര സർക്കാർ സമ്മതിച്ചിട്ടുണ്ട്. ഇതിന് സുപ്രീം കോടതിയുടെ അംഗീകാരംകൂടി ഇനി ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly